പതിനാലാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1309 — 04/02/2019 മറുപടിയ്ക്ക്

**പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീക്രട്ട് സെക്ഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീക്രട്ട് സെക്ഷനിൽ അതീവ പ്രാധാന്യമുള്ള ഫയലുകളും, മറ്റു തപാലുകളും ഒപ്പിട്ടു വാങ്ങുവാനുള്ള അധികാരം ആർക്കെല്ലാമാണ്; ഇതിന്റെ വിശദാംശം നൽകുമോ; | (എ) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ വരുന്ന തപാലുകളാണ് സീക്രട്ട് സെക്ഷനിൽ ഒപ്പിട്ടു വാങ്ങാറുള്ളത്. പി.എ. സി.എ, ജൂനിയർ സൂപ്രണ്ട് എന്നിവരാണ് ഒപ്പിട്ടുവാങ്ങുന്നത്. സാധാരണ തപാലുകൾ തപാൽ സെക്ഷനിലാണ് സ്വീകരിക്കുന്നത് |
| (ബി) ഇക്കഴിഞ്ഞ ഡിസംബർ 31-ന് ഒപ്പിട്ടുവാങ്ങുവാൻ അധികാരമുള്ളവർ ഓഫീസിൽ ഉണ്ടായിരിക്കെ സെക്യൂരിറ്റി ചുമതലയുള്ളയാൾ തപാലുകളും മറ്റും ഒപ്പിട്ടു വാങ്ങിയെന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഇതിന്റെ വിശദവിവരം നൽകുമോ? | (ബി) മാദ്ധ്യമ വാർത്ത ശ്രദ്ധയിൽപ്പെടുകയോ ഡിസംബർ 31 ന് തപാലുകൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ലാ എന്നത് സംബന്ധിച്ച് പരാതി ലഭിക്കുകയോ ചെയ്തിട്ടില്ല. |

[signature]

സെക്ഷൻ ഓഫീസർ